പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

31.10.2016 - ൽ മറുപടിക്ക്.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5341

## ട്രാവൻകൂർ ബിവറേജസ് ലിമിറ്റഡിന്റെ സ്ഥാവരജംഗമ വസ്തുക്കൾ കൈമാറ്റം ചെയ്യൽ

| ചോദ്യം | മറുപടി |
| --- | --- |
| സർവ്വശ്രീ. റോഷി അഗസ്റ്റിൻ,<br>സി.എഫ്. തോമസ്,<br>ഡോ. എൻ. ജയരാജ്.<br>മോൻസ് ജോസഫ്. | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി). |
| (എ) തിരുവനന്തപുരം ജില്ലയിലെ കടകംപള്ളി വില്ലേജിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന ട്രാവൻകൂർ ബിവറേജസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സ്ഥാവരജംഗമ വസ്തുക്കൾ 1999-മത് വർഷം കാത്തലിക് സിറിയൻ ബാങ്കിന് കൈമാറ്റം ചെയ്തിരുന്നോയെന്ന് വ്യക്തമാക്കുമോ ; | (എ) : കൈമാറ്റം ചെയ്തിരുന്നു. |
| (ബി) പ്രസ്തുത സ്ഥാവരജംഗമ വസ്തുക്കൾ കൈമാറ്റം ചെയ്യാനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ; | (ബി) : പ്രസ്തുത കമ്പനി ലിക്വിഡേഷനിലാണ്. യൂണിറ്റിന്മേലുണ്ടായ സാമ്പത്തിക ബാധ്യതയാണ് കാരണം. |
| (സി) ട്രാവൻകൂർ ബിവറേജസ് ലിമിറ്റഡിന്റെ സ്ഥാവരജംഗമ വസ്തുക്കൾ കാത്തലിക് സിറിയൻ ബാങ്കിന് കൈമാറ്റം ചെയ്യാൻ കമ്പനിയുടെ ഒഫിഷ്യൽ ലിക്വിഡേറ്ററിനെ അധികാരപ്പെടുത്തിക്കൊണ്ട് വ്യവസായ വകുപ്പ് 03/04/1995-ൽ പുറപ്പെടുവിച്ച ജി.ഒ.(ആർ.റ്റി) 316/95/ഐ.ഡി. ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | (സി) : 03/04/1995-ൽ പുറപ്പെടുവിച്ച ജി.ഒ. (ആർ.റ്റി) 316/95/ഐ.ഡി. ഉത്തരവിനാസ്പദമായ ഫയൽ കാലാവധിക്കുശേഷം നശിപ്പിച്ചതിനാൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാൻ നിർവാഹമില്ലായെന്ന് അറിയിക്കുന്നു. |

സെക്ഷൻ ഓഫീസർ.